കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇട്ടിവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1121/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

തീയതി,07-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമ പഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1.കേരള സംസ്ഥാ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1121/2017 തീയതി:07-07-2017

## കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.01.2017 മുതൽ 16.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ഗീത. എം.,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.06.2017 മുതൽ 27.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ചന്ദ്രപ്രകാശ്.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജയേഷ്.ജെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.നൗഷാദ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എസ്.ബഷീർ | 01.04.2016 മുതൽ 06.06.2016വരെ |
| | ശ്രീ. രാജേശ്വരൻ പിള്ള | 07.06.2016 മുതൽ |

| | | |
|---|---|---|
| | | 18.09.2016വരെ |
| | ശ്രീ.വി.എൻ.ഫിലിപ്പ് | 19.09.2016 മുതൽ 31.03.2017 വരെ |
| (സി)നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനുപമ.വി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രാജേശ്വരൻ പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സഫീർ.എ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മായ.എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സീമ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | സുലൈഖാ.എ.മജീദ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.നസീം | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രധാന അധ്യാപകൻ | ശ്രീമതി.സുധാദേവി.എം.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആശ.സി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബൃന്ദ.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. നജ്മുന്നിസ | 01.04.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | ഡി & ഒ ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 |
| 13 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നില്ല | 2-2 |
| 14 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു | 2-3 |
| ഭാഗം 3 | | |
| 15 | കൺവീനർ ഹാജരാക്കിയ ബില്ലുകൾ പരിഗണിക്കാതെ, എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു- നിരാകരിക്കുന്ന തുക-7707/- രൂപ | 3-1 |
| 16 | സാന്ത്വന ചികിത്സ പദ്ധതി - ഭവന സന്ദർശ നംനടത്താത്ത തീയതികളിൽ വാഹന വാടക നൽകി-നഷ്ടം - 4,500/- രൂപ | 3-2 |
| 17 | ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 18 | ആശുപത്രികളിലേയ്ക്ക് മരുന്ന വാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്ക് മരുന്നകൾ ലഭ്യമായിട്ടില്ല | 3-4 |
| 19 | സംയോജിത പ്രോജക്റ്റിനുള്ള ബ്ലോക്ക് വിഹിതം-നീക്കിയിരിപ്പ് തുക ബ്ലോക്കിൽ തിരികെ ഒടുക്കണം | 3-5 |
| 20 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു- | 3-6 |
| 21 | ഇ.എം.എസ്. ഭവന പദ്ധതി - ബാങ്ക് അക്കൗണ്ടിൽ തുക ശേഷിക്കുന്നു. | 3-7 |
| 22 | പ്രോജക്ട് നം. S0183/17-മൂലപ്പണ പാലം അപ്രോച്ച് റോഡ് – രണ്ടാംഘട്ടം- പദ്ധതി രൂപീകരണത്തിലെ ദീർഘവീക്ഷണമില്ലായ്മ- ചെലവഴിച്ച തുക പാഴാകാൻ സാദ്ധ്യത- 488937/-രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 23 | ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന പുനരുദ്ധാരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല | 3-9 |
| 24 | വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-10 |
| 25 | പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പഠനയാത്ര, സഹവാസ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു | 3-11 |
| 26 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി രാസവള സബ്സിഡി നേരിട്ട് പണമായി കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി | 3-12 |
| 27 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ മാതൃകാപരം | 3-13 |
| ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 37 | അനുബന്ധം 1 – ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


## ഭാഗം **1**

പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28.03.2017 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 15-06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-2017 | 26.06.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

1. ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വസ്തു നികുതി പിരിവ് സഞ്ചയ പ്രകാരം 18,45,600/- രൂപ ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത് 1,88,0975/- രൂപ ആണ്. വസ്തുനികുതി കുടിശ്ശിക പിരിവ് സഞ്ചയ പ്രകാരം 18,77,220/- രൂപ ആണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക പിരിവ് 19,38,346/- രൂപ ആണ് .

2. ചരിപ്പറമ്പ് ചെമ്പമൺ കുടിവെള്ള പദ്ധതിക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച 6,22,193/- രൂപ B-18 ഷെഡ്യൂളിലെ അഡ്വാൻസ് ടു ഇംപ്ളിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23490728 |
| വരവ് | 66145533 |
| ആകെ | 89636261 |
| ചെലവ് | 65990081 |
| നീക്കിയിരിപ്പ് | 23646180 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 17944505 | 17944505 | 17944505 | |
| വികസനഫണ്ട് എസ്.സി.പി. | | 5027311 | 5027311 | 5027311 | |
| വികസനഫണ്ട് ടി.എസ്.പി. | | 13446 | 13446 | 13446 | |
| സംരക്ഷണഗ്രാന്റ് റോഡ് | | 2910835 | 2910835 | 2910835 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3079416 | 3079416 | 3079416 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8627035 | 8627035 | 8627035 | |
| പെർഫോമൻസ് ഗ്രാന്റ് | | 1239147 | 1239147 | 1239147 | |
| എം.എൻ.ആർ.ഇ. ജി .എസ്. | 440 | 50866513 | 50866953 | 50840827 | 26126 |
| ബി ഫണ്ട് | | 61231405 | 61231405 | 61231405 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 71651724 | 176 | 50209547 | 48 | 5 | 71% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 107% ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1973248 | 4980215 | +3006967 | +152.3% |
| നികുതിയേതര വരവുകൾ | 672009 | 885347 | +213338 | +31.7% |
| മറ്റുവരവുകൾ | 420087 | 510297 | +90210 | +21.4% |
| ആകെ | 3065344 | 6375859 | 3310515 | +107% |

## 1-8 ക്ഷേമ പദ്ധതിതകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 461880 | 256 |
| കർഷകതൊഴിലാളി പെൻഷൻ | 6224040 | 636 |
| വിധവാപെൻഷൻ | 19494470 | 1462 |
| വാർദ്ധക്യകാലപെൻഷൻ | 28929245 | 1929 |
| വികലാംഗപെൻഷൻ | 5248420 | 395 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 393350 | 24 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |

**1-9** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2017 രാവിലെ 11.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6049/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10** ആഭ്യന്തര നിയന്ത്രണം

വരവുകൾ സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായ പ്രകാരമാണ് അക്കൗണ്ട് ചെയ്യുന്നത്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും 100 ശതമാനം പുരോഗതി കൈവരിച്ചിട്ടില്ല. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഫാക്ടറികൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആസ്തിരജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനം, കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ ഇവ കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് പര്യാപ്തമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ധനവിനിയോഗാർത്ഥം തനത് ഫണ്ടിന് 2 അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. കൂടാതെ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ അക്കൗണ്ടുകൾ ഇപ്പോഴും നിലനിൽക്കുന്നു.

**1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.04.2017 മുതൽ 20.04.2017വരെ | 31.03.2017 | 01/2017 വരെയുള്ളത് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.04.2017 മുതൽ 02.05.2017 | 2012-2013മുതൽ 2016-2017 വരെ | 16.06.2017 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** ഡി & ഒ ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2016-2017ലെ ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ, അപേക്ഷകൾ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ 2015-2016 വർഷത്തെ രേഖകളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ 2015-2016 സാമ്പത്തിക വർഷം

പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന കച്ചവട സ്ഥാപനങ്ങൾ 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമ | കെട്ടിട നമ്പർ | കച്ചവടം |
|---|---|---|---|
| 1 | ഓമനക്കുട്ടൻ<br>തടത്തിൽ പുത്തൻ വീട് | 17/629 | വെൽഡിംഗ് ഷോപ്പ് |
| 2 | റജില കോപ്പാറവീട് | 12/241 to 248 | കശുവണ്ടി ഫാക്ടറി |
| 3 | ശശിധരൻ പിള്ള വയല | 8/754 | ചൂരൽ വ്യവസായം |
| 4 | ബെന്നി ജോർജ്.കെ | 11/431 to 435 | കശുവണ്ടി ഫാക്ടറി |
| 5 | മുഹമ്മദ് ബഷീർ.വി | 20/633,634 | പൗൾട്രി ഫാം |
| 6 | അനിൽകുമാർ.പി.പി | 4/670 | വെൽഡിംഗ് ഷോപ്പ് |
| 7 | വിഷ്ണു എസ് കുമാർ | 16/232 | മിനറൽ വാട്ടർ വില്പന |
| 8 | സി.കുഞ്ഞപ്പൻ | 10/669,670 | സിമന്റ് വില്പന |
| 9 | എ.നിസ്സാർ | 16/638 | ഹോളോബ്രിക്സ് നിർമാണം |
| 10 | അബ്ദുൾ റഷീദ് ചെറുകുളം | 19/12 | സ്പെയർ പാർട്സ് വില്പന |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 5/24.6.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾ 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ലെന്നും 2017-18 വർഷത്തെ ലൈസൻസ് ഫീസിനൊപ്പം കുടിശ്ശികയായി 2016-17 ലെ ഡി&ഒ ലൈസൻസ് ഫീസ് കൂടി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളുടെ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 (ചട്ടം 26) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും സ്ഥാപന തൊഴിൽ നികുതി കൂടി ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 2-2 <u>മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ പ്രധാന ഇനമാണ് വസ്തുനികുതി. വസ്തുനികുതി ഡി.സി.ബി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് മൊബൈൽ ടവറുകളിൽ നിന്ന് 2016-2017 വർഷം വസ്തു നികുതി ഈടാക്കാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നു. വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ഈടാക്കേണ്ടുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ടവറിന്റെ പേര് | കെട്ടിട നമ്പർ | 2016-17വരെ അടയ്ക്കാനുള്ള വസ്തുനികുതി |
|---|---|---|---|
| 1 | ഐഡിയ മൊബൈൽ കമ്യൂണിക്കേഷൻസ് | 19/3 | 8,586 |
| 2 | ഭാരത് എയർടെൽ ലിമിറ്റഡ് | 16/79 | 33,955 |
| 3 | വോഡഫോൺ എസ്സാർ സെല്ലുലാർ | 15/448 | 10,935 |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | | |
| 4 | ഭാരതി ഇൻഫോടെക് | 13/338 | 6,712 |
| 5 | ഭാരതി ഇൻഫോടെക് | 11/748 | 8,098 |
| 6 | ഭാരതി ഇൻഫോടെക് | 4/492 | 24,378 |
| 7 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 9/58 | 8,445 |
| 8 | ഭാരതി എയർടെൽ ലിമിറ്റഡ് | 3/651 | 12,194 |
| 9 | ഇൻഡ്യ ടെലികോം | 1/415 | 18,480 |
| 10 | ടവർ വിഷൻ | 21/522 | 47,014 |
| ആകെ | | | 1,78,797 |

മൊബൈൽ ടവറുകളിൽ നിന്ന് തൻ വർഷം വരെ 1,78,797/- രൂപ വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നു. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 11/27.6.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിലേക്കായി 2017-2018 വരെ അടയ്ക്കാനുള്ള വസ്തുനികുതി ഡിമാന്റ് നോട്ടീസ് അയച്ചിട്ടും തുക അടച്ചിട്ടില്ല എന്നാണ് അറിയിച്ചത്.

വസ്തുനികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2-3** <u>സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു</u>

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 26.5.2011 തീയതിയിലെ 58725/എഫ്എം3 /2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽക്കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇട്ടിവ ഗ്രാമ പഞ്ചായത്തിൽ തനതു ഫണ്ടിന് ഇൻഡ്യൻ ബാങ്കിന്റെ ഇട്ടിവ ശാഖയിലും (അക്കൗണ്ട് നമ്പർ 795202525) സർവീസ് സഹകരണ ബാങ്കിന്റെ തുടയന്നൂർ ശാഖയിലും (അക്കൗണ്ട് നമ്പർ 9352) അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു. ഇക്കാര്യം 15.2.2017 തീയതിയിലെ കെ.എസ്.എ.കെ.എം.എൽ.പി4-335/2017നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തനതു ഫണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നതിനായി ഒരു അക്കൗണ്ട് മാത്രം നിലനിർത്തി രണ്ടാമത്തെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>കൺവീനർ ഹാജരാക്കിയ ബില്ലുകൾ പരിഗണിക്കാതെ, എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു- നിരാകരിക്കുന്ന തുക-**7707/-** രൂ.</u>

ഗുണഭോക്തൃ സമിതി വഴി തൻ വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ, കൺവീനർ ഹാജരാക്കിയ ബില്ലുകൾ പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചിരിക്കുന്നു. ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം, എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണോ കുറവ് അതാണ് ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടത്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചതുമൂലം കൺവീനർക്ക് അധികം തുക നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | കൺവീനർ ഹാജരാക്കിയ ചെലവ് രേഖകളുടെ വിവരം | കൺവീനർക്ക് നൽകിയ തുകയുടെ വിവരം | കൺവീനർക്ക് നൽകാവുന്ന തുക (രൂ) | അധികം നൽകിയ തുക (രൂ) |
|---|---|---|---|---|
| നം.S0158/17<br>ഫിൽഗിരി നഴ്സറി സ്കൂൾ ജംഗ്ഷൻ-വെങ്കിടശ്ശേരി റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽ- 475000/-(തനത് ഫണ്ട്)<br>കണവീനർ- ബാബു.ആർ<br>എഗ്രിമെന്റ് നം/തീയതി- 6/AE/LSGD/IVA/<br>16-17/10.11.16<br>ചെക്ക്നം/തീയതി- 1959421/ 21.2.2017<br>തുക-473879/- രൂ.<br>എം.ബുക്ക് നം-7/16-17 | സിമന്റ്-124820/-<br>മെറ്റൽ, എം.സാന്റ്, ക്വാറി മക്ക്- 185580/-<br>മിക്സർ, വൈബ്രേറ്റർ വാടക- 18000/-<br>സെന്ററിംഗ് & ഷട്ടറിംഗ്<br>-3400/-<br>മസ്റ്റർ റോൾ- 101200/-<br>ആകെ-433000/- രൂ. | പ്രവൃത്തിമൂല്യം- 473879/-<br>(-)VAT 5%-23694<br>IT 1%- 4739<br>WF 1%- 4739 33172<br>------------<br>കൺവീനർക്ക് നൽകിയ തുക= 440707/-രൂ. | 433000/- | 7707/- |

| | | | | |
|---|---|---|---|---|
| | | | | |

മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ചിരിക്കുന്ന തുക 474500/-രൂപയാണ്. യഥാർത്ഥത്തിൽ തുക കൂട്ടിയെടുക്കുമ്പോൾ 470500/- രൂ. മാത്രമേ ലഭിക്കുന്നുള്ളൂ. ഈ തുകയ്ക്കുള്ള മുഴുവൻ ചെലവ് രേഖകളും കൺവീനർ ഹാജരാക്കിയിട്ടില്ല. കൂടാതെ, കൺവീനർ ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം, ലേബർ ചാർജ്ജ് 101200/- രൂപയാണ്. എന്നാൽ മിനിട്ട്സ് ബുക്കിൽ ഇത് 119700/- രൂ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ലേബർ-108000/-മേശൻ-11700=119700/-). അതുപോലെ, മെറ്റൽ, എം. സാന്റ് മുതലായവയുടെ വണ്ടിക്കൂലി ഇനത്തിലുള്ള 19000/- രൂപയും മിനിട്ട്സ് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.മെറ്റൽ, എം.സാന്റ് മുതലായവയ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷനിൽ കൺവേയൻസ് ചാർജ്ജ് കൂടി ഉൾപ്പെട്ടിരിക്കുന്നതിനാൽ ഇത് അംഗീകരിക്കാനാവില്ല. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ, കൺവീനർ ക്ലെയിം ചെയ്തിട്ടില്ലാത്ത ചെലവുകൾ സന്നദ്ധ സേവനമായി മാത്രമേ കണക്കാക്കാൻ കഴിയൂ.

ഈ സാഹചര്യത്തിൽ, അധികം നൽകിയ 7707/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് 27.6.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) മസ്റ്റർ റോൾ തയ്യാറാക്കിയതിലുള്ള പിശകുമൂലമാണ് ഇപ്രകാരമുള്ള വ്യത്യാസം ഉണ്ടായിട്ടുള്ളതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

## 3-2 <u>സാന്ത്വന ചികിത്സ പദ്ധതി - ഭവന സന്ദർശനം നടത്താത്ത തീയതികളിൽ വാഹന വാടക നൽകി- **4,500/-**രൂപ അധിക ചെലവ്</u>

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ എസ്.0062/2016-2017 സാന്ത്വന ചികിത്സാ പദ്ധതിയിൽ പാലിയേറ്റീവ് രോഗികളുടെ ഭവന സന്ദർശനം നടത്താത്ത തീയതികളിൽ വാഹന വാടക നൽകിയിരിക്കുന്നു. വാഹന വാടക നൽകിയിരിക്കുന്ന തീയതികളും വിശദ വിവരങ്ങളുംചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | വാഹന വാടക നൽകിയ തീയതി | തുക |
|---|---|---|---|
| 1 | 1/2016-2017, 24.10.2016 | 30.04.2016 | 900 |
| 2 | | 09.09.2016 | 900 |
| 3 | 2/2016-2017, 31.12.2016 | 25.11.2016 | 900 |
| 4 | 1/2016-2017, 23.03.2017 | 04.01.2016 | 900 |
| 5 | | 02.02.2016 | 900 |
| ആകെ | | | 4,500 |

മേൽ ദിവസങ്ങളിൽ ഭവന സന്ദർശനം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ഹോം

കെയർ രജിസ്റ്റർ പരിശോധച്ചതിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/22.06.2017ന് രോഗികൾക്ക് കത്തീറ്റർ ഇടുന്നതിനായി പോയതാണ് എന്ന് മറുപടി നൽകുകയും. ആയതിനെ സാധൂകരിക്കുന്നതിലേക്കായി മേൽ 30.04.2016 ഒഴികെയുള്ള ദിവസങ്ങളിൽ ഭവന സന്ദർശനം നടത്തിയതായ വിവരങ്ങൾ പേപ്പറിൽ എഴുതിയതിന്റെ ഫോട്ടോസ്റ്റാറ്റ് എടുത്ത് നൽകുകയാണ് ചെയ്തത്. എന്നാൽ അസൽ രേഖ ഹാജരാക്കിയിട്ടില്ല. ഭവന സന്ദർശനം നടത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയി എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. ഈ വിവരങ്ങൾ സാമ്പത്തിക വർഷാവസാനം വരെ പിന്നീട് രജിസ്റ്ററിൽ ചേർത്ത് അംഗീകരിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്ത പ്രവൃത്തികളുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ ബിൽ നമ്പർ | | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|
| 1 | പദ്ധതി നമ്പർ എസ്.0014/2016-2017 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 51,003 |
| | ഫണ്ട് | തനത് ഫണ്ട് | |
| | ഡി.ഡി. നമ്പർ | 579186/05.10.2016<br>606676/04.03.2017 | |
| | നിർവ്വഹണ ഏജൻസി | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ആയൂർ | |
| 2 | പദ്ധതി നമ്പർ എസ്.0019/2016-2017<br>ഫാമിലി വെൽഫയർ സെന്റർ വൈദ്യുതി ലൈനും കണക്ഷനും | | 21,790 |
| | ഫണ്ട് | തനത് ഫണ്ട് | |
| | ഡി.ഡി. നമ്പർ | 579184/05.10.2016 | |
| | നിർവ്വഹണ ഏജൻസി | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ആയൂർ | |
| 3 | പദ്ധതി നമ്പർ എസ്.0149/2016-2017<br>പി.എം.എ.വൈ. അധിക വിഹിതം (ജനറൽ) | | 2,00,000 |
| | ഫണ്ട് | വികസന ഫണ്ട് | |

<table>
<tr><td rowspan="2"></td><td>ബിൽ നമ്പർ</td><td>10 തീയതി27.10.2016</td><td rowspan="2"></td></tr>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td>ബി.ഡി.ഒ. ചടയമംഗലം</td></tr>
<tr><td rowspan="4">4.</td><td colspan="2">പദ്ധതി നമ്പർ എസ്.0197/2016-2017<br>പള്ളിമുക്ക് - തെന്നയം - ഏഴിയം റോഡ് പോസ്റ്റ് മാറ്റിസ്ഥാപിച്ച് വൈദ്യുതി ലൈൻ നീട്ടൽ</td><td rowspan="4">79,350</td></tr>
<tr><td>ഫണ്ട്</td><td>തനത് ഫണ്ട്</td></tr>
<tr><td>ഡി.ഡി നമ്പർ</td><td>1959425/02.03.2017</td></tr>
<tr><td>നിർവ്വഹണ ഏജൻസി</td><td>അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ആയൂർ</td></tr>
<tr><td rowspan="4">5</td><td colspan="2">പദ്ധതി നമ്പർ എസ്.0208/2016-2017<br>സമ്പൂർണ്ണ വൈദ്യുതീകരണം</td><td rowspan="4">2,00,000</td></tr>
<tr><td>ഫണ്ട്</td><td>വികസന ഫണ്ട്</td></tr>
<tr><td>ബിൽ നമ്പർ</td><td>35 തീയതി27.03.2017<br>അക്കൗണ്ട് നമ്പർ0000005710740521 ലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിരിക്കുന്നു.</td></tr>
<tr><td>നിർവ്വഹണ ഏജൻസി</td><td>അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ആയൂർ</td></tr>
<tr><td rowspan="4">6</td><td colspan="2">പദ്ധതി നമ്പർ എസ്.0211/2016-2017<br>ചരിപ്പറമ്പ്-ചെമ്പമൺ മിനി വാട്ടർ സപ്ലൈ സ്കീം</td><td rowspan="4">6,22,193</td></tr>
<tr><td>ഫണ്ട്</td><td>വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)</td></tr>
<tr><td>ബിൽ നമ്പർ</td><td>37 തീയതി27.03.2017<br>അക്കൗണ്ട് നമ്പർ703011400000063 ലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിരിക്കുന്നു.</td></tr>
<tr><td>നിർവ്വഹണ ഏജൻസി</td><td>അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി .</td></tr>
<tr><td rowspan="2">7</td><td colspan="2">പദ്ധതി നമ്പർ എസ്.0142/2016-2017<br>പി.എം.എ.വൈ. അധിക വിഹിതം (എസ്.സി)</td><td rowspan="2">3,80,000</td></tr>
<tr><td>ഫണ്ട്</td><td>വികസന ഫണ്ട്</td></tr>
</table>

| | | | |
|---|---|---|---|
| | ബിൽ നമ്പർ | 1 തീയതി22.10.2016 | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബി.ഡി.ഒ. ചടയമംഗലം | |
| 8 | പദ്ധതി നമ്പർ എസ്.0165/2016-2017 ഐ.എ.വൈ. 2015-2016 ബാക്കി തുക | | 2,00,000 |
| | ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) | |
| | ബിൽ നമ്പർ | 2 തീയതി22.10.2016 | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബി.ഡി.ഒ. ചടയമംഗലം | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 11/27.06.2017 ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 1754336/- തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്കു മരുന്നുകൾ ലഭ്യമായില്ല.

(എ) ഹോമിയോ ആശുപത്രി

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ തുക നൽകിയതല്ലാതെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, രസീത് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | എസ്.0173/2016-2017 മരുന്ന് വാങ്ങൽ (ഹോമിയോആശുപത്രി) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 01/14.12.2016 പ്രകാരം 1,50,000/- ഡി.ഡി.നമ്പർ - 256541/22.12.2016 രൂപ ഹോംകോയ്ക്ക് | പി.എഫ്-186/19.10.2016 | തുക നൽകി 6 മാസമായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | നല്കിയിട്ടുണ്ട്. | | |
| | ബിൽ നമ്പർ 02/28.02.2016<br>പ്രകാരം 80,023/- രൂപ ഹോംകോയ്ക്ക് അക്കൗണ്ട് നമ്പർ 34306403911 ലേക്ക് 28.02.2017 ൽ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. | ഇൻവോയ്സ് നം- 1249/17.02.2017 | മരുന്ന് ലഭ്യമായിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/20.06.2017 ന് മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യാമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നു ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

(ബി)ആയൂർവേദ ആശുപത്രി

ആയൂർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയൂർവേദ ആറുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ തുക നൽകിയതല്ലാതെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, രസീത് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1.<br>3. | എസ്.0089/2016-2017 മരുന്ന് വാങ്ങൽ ആയൂർവേദ ആശുപത്രി)<br>മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 01/09.02.2017<br>പ്രകാരം 5,50,000/- രൂപ ഔഷധിയ്ക്ക് നല്കിയിട്ടുണ്ട്. | പി.എഫ്- 405/15.12..2016 (3,00,000 രൂപ)<br>പി.എഫ്- 406/15.12..2016<br>(2,50,000 രൂപ) | മരുന്ന് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | ബിൽ നമ്പർ 02/28.03.2017 പ്രകാരം 2,00,000/- രൂപ ഔഷധിയ്ക്ക് നല്കിയിട്ടുണ്ട്. | പി.എഫ്-541/02.03.2017 (1,25,000 രൂപ) പി.എഫ്-542/02.03.2017 (75,000 രൂപ) | മരുന്ന് ലഭ്യമായിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/20.06.2017 ന് മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യാമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. മരുന്നു ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

(ബി) പാലിയേറ്റീവ് പരിചരണം.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ സാന്ത്വന ചികിത്സ പദ്ധതിയ്ക്കായി 2016-2017 വർഷം ചെലവാക്കിയ തുകയ്ക്ക് നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | പദ്ധതി നമ്പർ - എസ്.0062/2016-2017. സാന്ത്വന ചികിത്സ. | ബിൽ നമ്പർ 03/28.01.2017 തുക - 1,42,440/- രൂപ ഡി.ഡി. നമ്പർ 256802/01.02.2017 പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. | പി.ആർ.എഫ്. 1279/03.01.2017 | മരുന്ന് ലഭ്യമായിട്ടില്ല. |
| | | ബിൽ നമ്പർ | പി.ആർ.എഫ്. | മരുന്ന് |

| | | | |
|---|---|---|---|
| | 5/30.03.2017<br>തുക 1,66,000/- രൂപ 27.03.2017. തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്. ചെയ്തിട്ടുണ്ട് | 4346/27.03.2017 | ലഭ്യമായിട്ടില്ല |

അത്യന്തം പരിഗണനയർഹിക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതികളിൽ പോലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/21.06.2017) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നു ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 <u>സംയോജിത പ്രോജക്ടിനുള്ള ബ്ലോക്ക് വിഹിതം-നീക്കിയിരിപ്പ് തുക ബ്ലോക്കിൽ തിരികെ ഒടുക്കണം.</u>

അസി. എഞ്ചിനീയർ മുഖേന തൻവർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ "മൂലപ്പണ പാലം അപ്രോച്ച് റോഡ് രണ്ടാം ഘട്ടം" എന്ന പ്രോജക്ടിന് (നം.S0183/17) ബ്ലോക്ക് വിഹിതമായി 5,00,000/- രൂപയും, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതമയി 333201/- രൂപയും ചേർത്ത് 833201/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു.

ബ്ലോക്ക് വിഹിതമായി ഡി.ഡി. നം. 563978/30.1.2017 പ്രകാരം ലഭിച്ച 5,00,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (നം.795202525, ഇൻഡ്യൻ ബാങ്ക്, ഇട്ടിവ) 6.2.17-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പ്രസ്തുത പ്രോജക്ട് ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | തുക(രൂ.) | റിമാർക്സ് |
|---|---|---|
| ബ്ലോക്ക് വിഹിതം | 155736/- | തനത് ഫണ്ട് ചെക്ക് നം.1959442/30.3.17 |

| | | |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 333201/- | ബിൽ നം. 61/16-17/ 31.3.2017 |
| ആകെ | 488937/- | |

ലഭ്യമായ ബ്ലോക്ക് വിഹിതം 500000/- രൂപയിൽ നിന്നും ചെലവഴിച്ച 155736/- രൂപ കഴിച്ച് 344264/-രൂപ ഇപ്പോഴും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ടി തുക എത്രയും വേഗം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കിയത് മുതൽ ബാങ്കിംഗ് ട്രഷറി മുഖേന ബില്ല് മാറുന്ന പഞ്ചായത്തുകളിൽ നിർവഹണോദ്യോഗസ്ഥർ പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതില്ല എന്ന് ജി.ഓ.(പി) നം. 516/2004 /ധന/3.11.2004 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇട്ടിവാ ഗ്രാമപഞ്ചായത്തിന്റെ ബില്ലുകൾ മാറുന്നത് ബാങ്കിംഗ് ട്രഷറിയായ കടയ്ക്കൽ സബ് ട്രഷറി മുഖേനയാണ്. എന്നാൽ നിർവഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ (എൽ.എസ്.ജി.ഡി)യുടെ പേരിൽ ഇൻഡ്യൻ ബാങ്ക്, ഇട്ടിവാ ബ്രാഞ്ചിൽ അക്കൗണ്ട് നിലവിലുണ്ട് (അക്കൗണ്ട് നം. 763120150). പ്രസ്തുത അക്കൗണ്ടിൽ 21.6.2017-ൽ 1,01,965/- രൂ. ബാക്കി നിൽക്കുന്നു. ടി തുക എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടച്ച് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

## 3-7 ഇ.എം.എസ്. ഭവന പദ്ധതി - ബാങ്ക് അക്കൗണ്ടിൽ തുക ശേഷിക്കുന്നു.

ഇ.എം.എസ്. ഭവന പദ്ധതിയുടെ നിർവഹണത്തിനായി വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിൽ തുടയന്നൂർ സർവീസ് സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം.9398), 31/03/2017ൽ 40,70/- രൂപ ശേഷിക്കുന്നുണ്ട്. മേൽ വിഷയം സംബന്ധിച്ച്, 28.06.17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12ന്, പ്ലാൻ ഫണ്ടിൽ നിന്നും 12,37,500/- രൂപയും 1,75,00,000/- രൂപ ലോൺ തുകയും ചേർത്ത് 257 ഗുണഭോക്താക്കൾക്കുള്ള തുക അക്കൗണ്ടിലേക്ക് മാറിയിരുന്നതായും, എന്നാൽ ഗുണഭോക്താക്കൾ സമയബന്ധിതമായി വീട് പണി പൂർത്തീകരിക്കാത്തതിനാൽ ലോൺ അക്കൗണ്ടിൽ നിക്ഷേപതുകയുടെ പലിശ വരുകയുണ്ടായെന്നും. ആദ്യം വാങ്ങിയ തുകയുടെ പലിശയാണ് അക്കൗണ്ടിൽ ശേഷിക്കുന്ന തുകയെന്നും, മറുപടി ലഭ്യമാക്കി.

ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന 40,700/- സർക്കാർ നൽകേണ്ട പലിശയിനത്തിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി അറിയിക്കേണ്ടതാണ്.

## 3-8 പ്രോജക്ട് നം. S0183/17-മൂലപ്പണ പാലം അപ്രോച്ച് റോഡ് -രണ്ടാംഘട്ടം- പദ്ധതി രൂപീകരണത്തിലെ ദീർഘവീക്ഷണമില്ലായ്മ-ചെലവഴിച്ച തുക പാഴാകാൻ സാദ്ധ്യത- 488937/-രൂ. തടസ്സപ്പെട്ടുത്തുന്നു.

അസി. എഞ്ചിനീയർ മുഖേന തൻവർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന് ബ്ലോക്ക് വിഹിതമായി 5,00,000/- രൂപയും, മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

വിഹിതമായി 333201/- രൂപയും ചേർത്ത് 833201/- രൂ. അടങ്കൽ നിശ്ചയിച്ചിരുന്നു.

കരാറുകാരൻ- ശ്രീ.വാസുദേവക്കുറുപ്പ് (19.68% കുറവ്)

എഗ്രിമെന്റ് നം./തീയതി-90/AE/LSGD/IVA/15-16/2.3.2016

എം. ബുക്ക് നം.79/16-17.

പ്രസ്തുത പ്രവൃത്തിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം = 608736

(-) ടെണ്ടർ കുറവ് 19.68% = 119799

-----------

488937

(ബിൽ നം. 61/16-17/31.3.2017-333201/- + ചെക്ക് നം.195442/30.3.17-155736/-)

(-)

വാറ്റ് 4% - 19557

WF 1% - 4889

IT 1% - 4889 29335

----------

കരാറുകാരന് നൽകിയത് 459602/-രൂ.

======

എം.എൽ.എ-യുടെ 2013-14 വർഷത്തെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ അടങ്കൽ വകയിരുത്തി, വട്ടപ്പറമ്പിൽ ഭാഗം, കാവുങ്കൽ തോടിനു കുറുകെ 9.5m നീളവും, 5.5m വീതിയുമുള്ള മൂലപ്പണ പാലത്തിന് 28.12.2013- ൽ ശിലാ സ്ഥാപനം നടത്തുകയും, 21.6.2015-ൽ പാലം പണി പൂർത്തീകരിക്കുകയും ചെയ്തു. പാലത്തിന് ഇരുവശവും 80cm ഉയരത്തിൽ പാരപ്പെറ്റും നിർമ്മിച്ചിട്ടുണ്ട്.

2015-16 വർഷത്തിൽ "മൂലപ്പണ പാലം അപ്രോച്ച് റോഡ് നിർമ്മാണം"(പ്രോജക്ട് നം. S0132/16)എന്ന പ്രോജക്ട് രൂപീകരിച്ചു. എന്നാൽ ഈ പ്രോജക്ട് പ്രകാരം, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 696991/- ചെലവഴിച്ച് പാലത്തിന് സമീപം കരിങ്കൽ ഉപയോഗിച്ച് തോടിന് സൈഡ് കെട്ടാണ് നടത്തിയിട്ടുള്ളത്.

S0185/16 നമ്പരായി "മൂലപ്പണ പാലം അപ്രോച്ച് റോഡ്-രണ്ടാം ഘട്ടം" എന്ന പ്രോജക്ട് രൂപീകരിച്ചുവെങ്കിലും 2015-16-ൽ ആയത് നടപ്പാക്കിയില്ല. തുടർന്ന്, 2016-17-ൽ സ്പിൽ ഓവറായി നടപ്പാക്കുകയാണുണ്ടായത് (പ്രോജക്ട് നം. S0183/17).

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധന, പദ്ധതി പ്രദേശത്തിന്റെ നേരിട്ടുള്ള പരിശോധന എന്നിവയുടെ വെളിച്ചത്തിൽ, യാതൊരു ദീർഘവീക്ഷണവും കൂടാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ചുവടെ ചേർക്കുന്നു.

നിലവിലുള്ള റോഡിനോട് ചേർന്ന് പണിതിട്ടുള്ളതിനാൽ, പാലത്തിന്റെ ഒരു വശത്ത് മാത്രം 75m നീളത്തിലാണ് അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടത്. ഇത്രയും നീളത്തിൽ ഇരുവശവും സംരക്ഷണ ഭിത്തികൾ നിർമ്മിച്ച്, അവയ്ക്കിടയിൽ മണ്ണ് നിറച്ച് അപ്രോച്ച് റോഡ് നിർമ്മിക്കുക എന്നത് വൻതുക വകയിരുത്തി നിർവഹിക്കേണ്ട ഒരു ബൃഹത് പദ്ധതിയാണ്. സ്ഥിതി ഇതായിരിക്കെ, 8 ലക്ഷത്തോളം രൂപ വകയിരുത്തുകയും, 488937/- രൂപ ചെലവഴിച്ച് 12m നീളത്തിലും, ശരാശരി 30cm കനത്തിലും, 5m പൊക്കത്തിലും ഒരു സംരക്ഷണഭിത്തി മാത്രം നിർമമ്മിച്ച നടപടി ക്രമവിരുദ്ധമാണ്.

പഞ്ചായത്ത് കമ്മിറ്റിയുടെ 7.1.2016-ലെ തീരുമാനം നം.IV പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഫീസിബിലിറ്റി കണക്കിലെടുക്കാതെ തുക വകയിരുത്തി പദ്ധതി രൂപീകരിച്ചതിന് പഞ്ചായത്ത് സമിതിയും, നിർവഹണോദ്യോഗസ്ഥനും ഒരുപോലെ ഉത്തരവാദികളാണ്.

മേൽ വിഷയം സംബന്ധിച്ച് 27.6.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഇപ്രകാരം പറയുന്നു: " പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി അപ്രോച്ച് റോഡ് നിർമ്മാണം കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേക്ക് ഭീമമായ തുക ചെലവാക്കേണ്ടതുമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി M.L.A, M.P, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുതലായ എജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റി മുഖേന സ്വീകരിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ സ്ഥിരമായി ഉയർന്നു വരുന്ന പൊതുജനാഭിപ്രായം പരിഗണിച്ചാണ് ഘട്ടം ഘട്ടമായി നിർമ്മാണം പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പഞ്ചായത്ത് കമ്മിറ്റി പദ്ധതി തുക വകയിരുത്താൻ തീരുമാനിച്ചത്. തുടർന്നു വരുന്ന വർഷങ്ങളിലും ഫണ്ട് വകയിരുത്തി നിർമ്മാണം പൂർത്തീകരിക്കാനാണ് പഞ്ചായത്ത് കമ്മിറ്റി ഉദ്ദേശിക്കുന്നത്."

എന്നാൽ, മറുപടിയിൽ പരാമർശിക്കുന്നതു പോലെ, പ്രസ്തുത പദ്ധതിക്കായി തുച്ഛമായ പഞ്ചായത്ത് ഫണ്ട് വകയിരുത്തുന്നത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായകമല്ല. പദ്ധതി പ്രദേശം നേരിട്ട് പരിശോധിച്ചതിൽ, അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ ജനങ്ങൾ സ്വകാര്യ വസ്തുവിലൂടെ ഇറങ്ങി, അപകടാവസ്ഥയിലുള്ള ചെറിയ നടപ്പാലത്തിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ, പദ്ധതിക്കായി മതിയായ തുക മുൻപ് സൂചിപ്പിച്ച ഏതെങ്കിലും ഏജൻസിയിൽ നിന്നും കണ്ടെത്തി പദ്ധതി സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. അതോടെ, പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 വർഷം നടപ്പാക്കിയ പ്രവൃത്തികൾ അപ്രോച്ച് റോഡിന്റെ ഭാഗമായിത്തീരും. അല്ലാത്തപക്ഷം, പദ്ധതിക്കായി തൻവർഷം ചെലവഴിച്ച തുക പാഴാകാൻ സാദ്ധ്യതയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഈ സാഹചര്യത്തിൽ, പദ്ധതിക്കായി തൻവർഷം ചെലവഴിച്ച് 488973/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-9 ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന പുനരുദ്ധാരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

വി.ഇ. ഒ നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ എസ്.204/2016-17 ൽ ഭവന പുനരുദ്ധാരണം പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് മേൽവിലാസം,<br>അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| 1 | ജ്യോതി, ജിഷ്ണു ഭവൻ, കോട്ടക്കൽ<br>അക്കൗണ്ട് നമ്പർ 6166514500 ഇന്ത്യൻ ബാങ്ക്, ചുണ്ട<br>തുക കൈപ്പറ്റിയതീയതി- 16.02.2017 | 10000 |
| 2 | റേച്ചൽ മാത്യു., മണ്ണറേറ്റ് വീട്, ചെറുകുളം<br>അക്കൗണ്ട് നമ്പർ 326523017 എസ്.ബി.ടി. ആയൂർ<br>തുക കൈപ്പറ്റിയതീയതി- 16.02.2017 | 10000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/27.06.2017ന് തുടർ സ്പിൽ ഓവർ പദ്ധതിയായി പൂർത്തീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ഭവന നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 3-10 വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി- ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

2016-17 വർഷം പദ്ധതി നം.എസ്.0026/2016-2017 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഭാഗത്തിൽ നിന്നും 2,78,256/- രൂപ വെള്ളക്കര കുടിശ്ശിക ഇനത്തിൽ കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. നിലവിൽ 53 ടാപ്പുകൾക്കായാണ് പ്രതിമാസം വെള്ളക്കരം അടയ്ക്കുന്നത്. 2011 ന് ശേഷം ഗാർഹിക കുടിവെള്ള പദ്ധതികൾ മാത്രമാണ് പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവു വരുത്തുന്നതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/27.06.2017 ന് നൽകിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ ,സ്വീകരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിച്ചുണ്ട്. ആയതിനാൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം പുനക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-11 പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പഠനയാത്ര, സഹവാസ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

പ്രധാന അധ്യാപിക നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ എസ്.0209/2016-2017 വിദ്യാജ്യോതി പദ്ധതിയിലാണ് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചിരിക്കുന്നത്.

| ഫണ്ട് | തനത് ഫണ്ട് |
|---|---|
| അടങ്കൽ | 1,26,000/-രൂപ |
| ചെക്ക് നമ്പർ | 606695/27.03.2017 |
| ചെലവ് | 94,900/-രൂപ |

മേൽ പദ്ധതിയിൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സമഗ്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് വിദ്യാജ്യോതി. ഈ പദ്ധതിയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സഹവാസ ക്യാമ്പും വിനോദ യാത്രയും സംഘടിപ്പിച്ച നടപ്പിലാക്കി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധ രേഖകളും സംബന്ധിച്ച 11.01.2016ലെ സ.ഉ (എം.എസ്)04/2016 തസ്വഭവ അനുബന്ധം 7-7 പ്രകാരം ബോധവൽക്കരണ ക്യാമ്പുകൾ, ഉല്ലാസ പഠനയാത്രകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/21.06.2017) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ 5 വർഷമായി ഈ പദ്ധതി നടപ്പിലാക്കി വരുന്ന പദ്ധതിയായതിനാൽ പഞ്ചായത്ത് നിർബന്ധ പൂർവ്വം നടപ്പിലാക്കിച്ചതാണെന്നും പറയുന്നു. കൂടാതെ തനത് ഫണ്ട് ഉപയോഗിച്ചാണ് പദ്ധതിനടപ്പിലാക്കിയതെന്നും, പഞ്ചായത്ത് പരിധിയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട മാതാപിതാക്കളില്ലാത്തവരും അനാഥരുമായ കുട്ടികളെയാണ് പഠന യാത്രയിലും സഹവാസ ക്യാമ്പിലും പങ്കെടുപ്പിച്ചതെന്നും മറുപടിയിൽ പറയുകയും ടി വിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കുകയും ചെയ്തു. കൂടാതെ ബഹു. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടി പദ്ധതിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ച് സർക്കാർ സാധൂകരണത്തിനായി അപേക്ഷ നൽകിയിട്ടുമുള്ളതായും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ മേൽ പഠനയാത്രയ്ക്ക് ചെലവഴിച്ച 37,800/- രൂപയും സഹവാസ ക്യാമ്പിനായി ചെലവഴിച്ച 33,100/- രൂപയും ഉൾപ്പെടെ 70,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണത്തിനായി അപേക്ഷ നൽകിയിട്ടുള്ളതിനാൽ സാധൂകരണം ലഭ്യമാക്കുന്നത് വരെ ടി. ചെലവ് തുക തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണത്തിനായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 <u>പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി രാസവള സബ്സിഡി നേരിട്ട് പണമായി കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി</u>

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തെങ്ങ് കൃഷി വികസനം (പദ്ധതി നമ്പർ എസ്.0174/2017) എന്ന പദ്ധതിയിലാണ് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി രാസവള സബ്സിഡി നേരിട്ട് പണമായി കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നത്.

തെങ്ങ് കൃഷി വികസനം (പദ്ധതി നമ്പർ എസ്.0174/2017) പദ്ധതിയിൽ തെങ്ങ് കൃഷിയുള്ള കർഷകർക്കായി 6350 തെങ്ങുകൾക്ക് ജൈവവള വിതരണം, രാസവള വിതരണം എന്നതാണ് പ്രവർത്തനങ്ങളുടെയും ചെലവിനങ്ങളുടെയും വിശദാംശങ്ങളിൽ പരാമർശിച്ചിരിക്കുന്നത്.

ആയതിലേക്ക് 241 കർഷകർക്ക് തെങ്ങ് കൃഷിക്കായി ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പദ്ധതി കേവലം വളം വാങ്ങി നൽകൽ പദ്ധതി മാത്രമാണ്.

2. 11.01.2016ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 04/2016 ത.സ്വ.ഭ.വ പ്രകാരം സബ്സിഡി പണമായി നൽകാൻ പാടില്ല. എന്നാൽ മേൽ പദ്ധതിയിലെ ചെലവ് തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് പണമായി നൽകിയിരിക്കുന്നു. (ബിൽ നമ്പർ ജെ.എ.02/2016-2017- 1,92,500, ബിൽ നമ്പർ ജെ.എ.07/2016-2017- 91,300/-)

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഡി.എ) 28.01.2017ലെ സ.ഉ. (സാ.ധാ) നം 248/2017 ത്.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജൈവ വള സബ്സിഡി മാത്രമേ ഗുണഭോക്താവിന് ബാങ്ക് വഴി പണമായി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളൂ. ഈ പദ്ധതിയിൽ കർഷകർ വിവിധ സ്വകാര്യ ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കുകയും ആയതിനനുസരിച്ച് തുക നേരിട്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/23.06.2017ന് സബ്സിഡി അക്കൗണ്ട് വഴി മാത്രമേ നൽകാവൂ എന്നതിനാലാണ് ഈ തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിയത് എന്ന മറുപടി തൃപ്തികരമല്ല. ഇത്തരത്തിൽ ബില്ല് നേരിട്ട് ഹാജരാക്കുന്നത് വഴി അനർഹരായവരും ആനുകൂല്യം നേടുന്ന സ്ഥിതി സംജാതമാകും. ഈ നടപടി ആവർത്തിക്കാതിരിക്കേണ്ടതും പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി നിർവ്വഹണം നടത്തേണ്ടതുംണ പദ്ധതി നിർവ്വഹണത്തിൽ ഭരണ സമിതിയുടെ ശ്രദ്ധയുണ്ടാകേണ്ടതുമാണ്.

## 3-13 ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ മാതൃകാപരം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സവിശേഷ വിദ്യാഭ്യാസം ലക്ഷ്യമാക്കി 2010 ൽ ആരംഭിച്ച ബഡ്സ് സ്കൂൾ നിലവിൽ 40 കുട്ടികൾക്ക് സവിശേഷ വിദ്യാഭ്യാസം, പകൽ പരിപാലനം, സാമൂഹ്യ സുരക്ഷിത്വം സ്വഭാവ രൂപീകരണം, നൈപുണി വികസനം തൊഴിൽ പരിശീലനം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കുള്ള ചിട്ടയായ പ്രവർത്തനങ്ങൾ നടത്തിയും ഭൗതിക സൗകര്യങ്ങളൊരുക്കിയും ശ്രദ്ധേയമായ പുരോഗതി കൈവരിച്ച് മാതൃകാപരമായി പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ചുണ്ടയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ സമഗ്ര വികസനവും പഠിതാക്കൾക്കുള്ള ഭക്ഷണ വിതരണവും ലക്ഷ്യമാക്കി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ സമഗ്ര പരിപാടി (പദ്ധതി നമ്പർ എസ്. 0098/16-17) ബഡ്സ് സ്കൂൾ ഫീഡിംഗ്

(പദ്ധതി നമ്പർ എസ്. 0099/16-17) എന്നിവ പ്രകാരം വികസന ഫണ്ടിൽ നിന്ന് 9,92,126/- രൂപ ചെലവഴിച്ചിട്ടുണ്ട്.

20.06.2017 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയൽപ്പെട്ടു.

1.കുട്ടികളുടെ ശാരിരിക -ചാലക ശേഷി വികസനത്തിനോടൊപ്പം ദിനചര്യകൾ

ക്രമാനുസൃതമായി നിർവ്വഹിക്കുന്നതിനുള്ള ആക്ടിവിറ്റികൾ

2.കൃത്യമായി തയ്യാറാക്കിയ സിലബസ്, ലസ്സൺ പ്ലാൻ, ക്ലാസ് ചാർട്ടുകൾ, ലേണിംഗ് എയ്ഡ്സ്.

3.കുട്ടികളുടെ മാനസികോല്ലാസത്തിനും, മാനസിക നൈപുണി (Psychomotor skill),സ്മരണ നൈപുണി (Memory skill) പ്രവർത്തന നൈപുണി, ( Skills with hands,Eye hand co-ordination, Self help communication skills) വർണ്ണ നൈപുണി ( Colouring Skills) എന്നിവ വികസിപ്പിക്കുന്നതിനുള്ള 2016-2017 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്കൂൾ സമഗ്ര പരിപാടി (പദ്ധതി നമ്പർ എസ്. 0098/16-17) പ്രകാരം വാങ്ങിയ ആക്ടിവിറ്റി ബേസ്ഡ് ടോയ്സ് ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ.

4.നിലവിൽ സംസ്ഥാന സർക്കാരിന്റെ പുതിയ പാഠ്യ പദ്ധതിയനുസരിച്ചുള്ള മഞ്ചാടി, തേൻ തുള്ളി, പോംപോം വണ്ടി, വിരുന്നുണ്ണാം എന്നീ പുസ്തകങ്ങളുപയോഗിച്ചുള്ള ക്ലാസുകൾ

5.തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഭാഗമായുള്ള ക്രാഫ്റ്റ് വർക്കുകൾ, കൃഷി, പൂന്തോട്ട പരിപാലന പദ്ധതികൾ.

സാമൂഹിക സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, വ്യക്തികൾ എന്നിവരിൽ നിന്ന് സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് കുട്ടികൾക്ക് യൂണിഫോം, വിനോദയാത്ര എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ തിരുവനന്തപുരം വൈലോപ്പള്ളി സംസ്കൃതി ഭവനിൽ വച്ച് നടന്ന ബഡ്സ് സകൂൾ ഫെസ്റ്റിൽ കൊല്ലം ജില്ലയെ പ്രതിനിധീകരിച്ച് സമ്മാനങ്ങൾ നേടുകയുണ്ടായി. ഭിന്ന ശേഷിയുള്ളവരുടെ പോരായ്മകൾ പിൻതള്ളി കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിലും അവർക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും ഇട്ടിവ പഞ്ചായത്തിലെ ഭരണ സമിതിയ്ക്കും കൃത്യമായ മോണിട്ടറിംഗിലൂടെ പദ്ധതി നിർവ്വഹണം നടത്തുന്ന നിർവ്വഹണോദ്യോഗസ്ഥ ഐ.സി.ഡി.എസ് സൂപ്പർവൈസറും ബഡ്സ് സകൂളിലെ അധ്യപക-അനധ്യാപക ഉദ്യോഗസ്ഥരും പി.ടി.എയുടെയും പ്രവർത്തനങ്ങൾ പ്രത്യേക പ്രശംസയർഹിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 5,00,000 | ക്ഷീര വികസനം പാൽ സബ്സിഡി | 5,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 1,59,750 | ഒ.ഡി.എഫ് | | 1,59,750 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 5,00,000 | കലപ്പണപാലം അപ്രോച്ച് റോഡ് | 1,55,736 | 3,44,264 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-2017 | 4,00,000 | അംഗനവാടി കെട്ടിട നിർമ്മാണം | 4,00,000 | |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 4,41,000 | അംഗനവാടി വസ്തുവാങ്ങൽ | 3,00,000 | 1,41,000 |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 75,000 | വികലാംഗ സ്കോളർഷിപ്പ് | 75,000 | |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 1,20,000 | നെൽകൃഷി വികസനം | 1,20,000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | തളിപ്പറമ്പ്-തുമ്പമൺ കുടിവെള്ള പദ്ധതി | 21601110/15.03.2017 | 6,22,193 | | 6,22,193 |
| ഭൂഗർഭ ജല വകുപ്പ് | കോട്ടക്കൽ ഹാമിയേ ആശുപത്രി കുഴൽ കിണറും പമ്പ്സെറ്റും | 21600909/31.03.2017 | 1,85,000 | | 1,85,000 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 406981/04.10.2016 | 51003 | 51003 | |
| | | 606676/14.03.2017<br>489094,489095,489096, 489097/27.02.2017, 606687/ | 1,75,000 | 1,75,000 | |
| | പള്ളിമുക്ക് നെന്നയം-എഴിയം റോഡ് പോസ്റ്റ് മാറ്റൽ | 1959425/02.03.2017 | 79,350 | 79,350 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ. നം 522/2010 തീയതി-17.02.2010 | 1,75,00,000 | 44,29,970 | 7,01,320 | | 37,28,650 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,322/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-2014 | 3-9 | 2,475 | അനുപമ. വി, അസിസ്റ്റന്റ് എഞ്ചിനീയർ | 11608100380 |
| 2014-2015 | 2-2 | 1,250 | ലീല, ഹെഡ്മിസ്ട്രസ് എൽ.പി.എസ് മലപ്പേരൂർ | 11608104275 |
| 2015-2016 | | 597 | അനുപമ. വി, അസിസ്റ്റന്റ് എഞ്ചിനീയർ | 11608103957 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | | ദുർബ്ബല വിഭാഗത്തിൽപ്പെട്ട വരുടെ ഭവനങ്ങൾക്ക് വയറിംഗ്- കരാറുകാരന് നൽകിയ മുൻകൂർ തുക നിരാകരിക്കുന്നു.-25,000/- | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 1999-00<br>2000-01<br>2001-02 | 3.9 | 2007-08 | 3.9 | പുത്താർകടവ് മണൽ ലേലം | നടപടി തുടരുന്നു |
| 2012-2013 | | 2012-2013 | 2-4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം | ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66145533 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65990081 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7707 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2318673 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7,707 | ശ്രീമതി. അനുപമ.വി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,500 | ഡോ.സഫീർ.എ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

| | | |
|---|---|---|
| 3-3 | 17,54,336 | ശ്രീ. ഫിലിപ്പ്.എൻ. സെക്രട്ടറി,<br>ഇട്ടിവ ഗ്രാമ പഞ്ചായത്ത്. (11,74,336)<br>ശ്രീ. എ.രാജേശ്വരൻ പിള്ള. അസിസ്റ്റന്റ് സെക്രട്ടറി<br>(5,80,000) |
| 3-8 | 4,88,937 | അനുപമ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 70,900 | ഹെഡ്മിസ്ട്രസ്. ഗവ. എൽ.പി.എസ് കോട്ടുക്കൽ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന_നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബഷീർ എസ്,<br>സെക്രട്ടറി | സെക്രട്ടറി, പിറവന്തൂർ ഗ്രാമ<br>പിഞ്ചായത്ത് | മുക്കാലയിൽ<br>വീട്,തടിക്കാട്<br>പിഒ,കൊല്ലം.691306 |
| ഡോ.സഫീർ.എ,<br>മെഡിക്കൽ ഓഫീസർ,<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, ചുണ്ട. | പുത്തൻപറമ്പിൽ ഹൗസ്,<br>മണ്ണഞ്ചേരി (പി.ഒ),<br>ആലപ്പുഴ. |
| അനുപമ.വി,<br>അസി.എഞ്ചിനീയർ,<br>ഇട്ടിവ ഗ്രാമപഞ്ചായത്ത് | അസി.എഞ്ചിനീയർ,ഇട്ടിവ<br>ഗ്രാമപഞ്ചായത്ത് | ശിവ മന്ദിരം,പനച്ചവിള,<br>അഞ്ചൽ(പിഒ) |

## 4-9 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യു.പി.4 66/2008(1)18/19-01-2009 |

| | |
|---|---|
| 1998-99 | എൽ.എഫ്.ക്യു.പി.4 66/09/24-06-09 |
| 1999-00,<br>2000-01<br>&<br>2001-2002 | എൽ.എഫ്.ക്യു.പി.4 4/08/31-10-08 |
| 2002-03 | എൽ.എഫ്.ക്യു.പി.4/315/09/19-02-08 |
| 2003-04 | എൽ.എഫ്.ക്യു.പി.4 158/2009/30-04-09 |
| 2004-05 | എൽ.എഫ്.ക്യു.പി.4 1505/09/08-07-10 |
| 2005-06 | എൽ.എഫ്.ക്യു.പി.4/ 1506/08/28-12-11 |
| 2006-07 | എൽ.എഫ്.ക്യു.പി.4/661/10/29-12-11 |
| 2007-08 | എൽ.എഫ്.ക്യു.പി.4/662/10/29-12-11 |
| 2008-09 | എൽ.എഫ്.ക്യു.പി.4/1405/2012/22-12-12 |
| 2009-10,2010-11 | എൽ.എഫ്.ക്യു.പി.4/1358/12/13-08-13 |
| 2011-12 | എൽ.എഫ്.ക്യു.പി.4 539/2014/05-05-2014 |
| 2012-13,2013-14 | എൽ.എഫ്.ക്യു.പി.4/1447/15 തീയതി: 16.09.2015 |
| 2014-15 | കെഎസ്എ-കെഎൽഎം പി4/991/16 തീയതി:09.06.2016 |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം പി4-335/2017 തീയതി-15.02.2017 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## 4-10 സാക്ഷ്യപത്രം 2016-17

കെ.എസ്.എ. കെ.എൽ.എം - പി -1121/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –07 /07/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.